HON'BLE MR. T. K. NARAYANA PILLAI: (*a*) The question whether the salt industry should be nationalised is under the consideration of Government.

(*b*) The exact date cannot be given at present.

കണിയേൻതോട്.

* 350 MR. V. MADHAVAN (*Vaikom II—General*) താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഇറിഗേഷന്റെ ചാർജ്ജ് വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) വൈക്കത്തു കണിയേൻതോട് എന്നൊരു തോടില്ലേ?

(ബി) ആ തോട് സമയകാലത്ത് വെട്ടി നന്നാക്കിയിട്ടുണ്ടോ?

(സി) പ്രസ്തുത തോടിന്റെ കരകൾ ഇടിഞ്ഞുവീണും, മണ്ണ് ഒഴുകിവന്നും നികന്നുവരുന്നില്ലേ?

(ഡി) ഈ തോട് വേണ്ടവിധം ജലസേചനത്തിനു പയ്യാപ്തമല്ലെന്നുള്ള സംഗതി ഗവണ്മെന്റിനു അറിയാമോ?

(ഇ) ഈ തോട്ടിൽ ആണ്ടുതോറും വന്നുകൂടുന്ന മണ്ണ് മാറുന്നതിനും മറ്റും ആവശ്യമായ അറകുറപ്പണി നടത്തുന്നുണ്ടോ?

HON'BLE MR. K. R. ELANKATH: (എ) ഉണ്ട്.

(ബി) ഉണ്ട്. ഫൈനൽ.

(സി) ഉണ്ട. അതു മണൽപ്രദേശമായതുകൊണ്ട് അവിടെ മണ്ണ് ഇടിഞ്ഞുവീഴുക പതിവുണ്ട്.

(ഡി) അറിയാം. അതു് ഒരിക്കലും ജലസേചനത്തിന് ഉപകാരപ്രദമായിരിക്കുന്നില്ല. കാരണം: വേമ്പനാട്ടു കായലിൽ നിന്നും കായൽ വെള്ളം കേറിവരുന്നതുകൊണ്ടും അവിടെ മണൽ ഇടിഞ്ഞുവീഴുന്നതുകൊണ്ടും.

(ഇ) ഉണ്ട്.

*Cliff House.*

* 351. MR. K. P. NILAKANTA PILLAI: Will the Hon'ble Minister in charge of P. W. D. be pleased to state the following:

(*a*) whether a Mahagony tree has been sold in auction from the Cliff House compound during 1123 after the month of Meenom;

(*b*) if the answer to (a) is in the affirmative, what was the amount fetched by the auction;

(*c*) who conducted the auction;

(*d*) who bid in the auction;

(*e*) what was the measurement or cubic contents of the timber; and

(*f*) what is the departmental rate for the sale of Mahagony timber?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. K. R. ELANKATH: (*a*) Yes.
(*b*) Rs. 18-21-0.
(*c*) Section Officer, Vellayambalam.
(*d*) Mr. Raman Pillai of the Modern Furniture Mart, Trivandrum.
(*e*) About 6 C. ft.
(*f*) Rs. 3 per C. ft.

MR. P. T. CHACKO : ഈ മഹാഗണി വൃക്ഷം ചിലർക്ക ശ്രദ്ധാവേശത്തിന കാരണമുണ്ടാക്കിയതായറിയാമോ?

MR. PRESIDENT . That question is not allowed.

പൊതുമരാമത്തുജോലി.

*352. MR. MOHAMMED MUSTAFA : താഴെ കാണുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ?

ഫ 0 0 0 0 രൂപായിൽ കൂടുതൽ ചിലവു വരുന്ന പൊതുമരാമത്തു ജോലികൾ തുടങ്ങരുതെന്ന എന്തെങ്കിലും നിർദ്ദേശം ഗവണ്മെൻറ് അഡിഷ്ണൽ ഡിപ്പാർട്ടുമെൻറിലേക്ക നൽകിയിട്ടുണ്ടോ? ഉണ്ടെങ്കിൽ കാരണമെന്താണെന്ന വെളിപ്പെടുത്തുമോ?

HON'BLE MR. K. R. ELANKATH : ഇല്ല.

കോളേജ് പ്രവേശനം.

*353. MR. MOHAMMED MUSTAFA : താഴെ കാണുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ?

(എ) വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്ന സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക കോളേജ് പ്രവേശനം ലഭിക്കത്തക്കവിധം ഗവണ്മെൻറ് എന്തെങ്കിലും പ്രത്യേക വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എന്താണ് ആ വ്യവസ്ഥകൾ?

(സി) ഈ കൊല്ലവും പിന്നോക്കം നിൽക്കുന്ന സമുദായങ്ങളിലെ ഒട്ടധികം കുട്ടികൾക്ക് കോളേജ് പ്രവേശനം കിട്ടാതെയായിട്ടുണ്ടെന്നുള്ള വസ്തുത ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

HON'BLE MR. N. KUNJURAMAN : (എ) ഉണ്ട്.

(ബി) പ്രവേശനത്തിന പ്രത്യേകമായി ഏറ്റവും കുറഞ്ഞമാർക്ക കൾ നിർണ്ണയിച്ചിട്ടുള്ള കോളേജുകളിൽ പിന്നോക്കസമുദായങ്ങളിലെ അംഗങ്ങളെ സംബന്ധിച്ചിടത്തോളം ആ ചട്ടങ്ങൾ ഉദാരമായിത്തന്നെ വ്യാഖ്യാനിക്കുന്നതിൽ സൗജന്യം കാണിക്കണമെന്ന അധികൃതർക്ക നിർദ്ദേശം

LIBRARY ARCHIVES Kerala Legislative Assembly